# ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്

### 2022-2025 ബാച്ച്



# സ്റ്റുഡൻറ് എഡിറ്റർ

മുഹമ്മദ് ഷിയാസ്



# എഡിറ്റോറിയൽ സ്റ്റുഡൻറ്സ്

മുഹമ്മദ് സമീൽ
മുബഷീർ.എം
അബ്ദുൾ ആഷിർ



# പുലിയാവാൻ ശ്രമിച്ച പൂച്ച

ഒരിക്കൽ ഒരു പുലി നാട്ടിലിറങ്ങി. ജനങ്ങളെല്ലാം വീടുകളിൽ ഓടിയോളിച്ചു. പുലിയെ കണ്ടപ്പോൾ കുട്ടിപ്പൂച്ച അമ്മയോട് പറഞ്ഞു. "അത് നമ്മളെ പോലെ തന്നെയിരിക്കുന്നു അല്ലെ അമ്മേ... കുറച്ചു വലിപ്പം ഉണ്ട് എന്നല്ലെയുള്ളൂ.എന്നാലും ഈ മനുഷ്യർക്കെല്ലാം അതിനെ പേടിയാണ്.നമ്മൾ പൂച്ചകളെ ആർക്കും പേടിയില്ലാലോ".വീണ്ടും കുട്ടിപ്പൂച്ച പറഞ്ഞു."ഞാനും  നാളെ അതിനെപ്പോലെ എല്ലാവരെയും പേടിപ്പിക്കും".അമ്മപ്പൂച്ച പറഞ്ഞു."വേണ്ട കുഞ്ഞേ അത് പുലി എന്ന് പേരുള്ള കാട്ടിൽ ജീവിക്കുന്ന വന്യമൃഗമാണ്. നമ്മളെ പോലെ അവർ മനുഷ്യരോട് ഇണങ്ങില്ല.അവരെ പോലെ നമുക്ക് ആവാൻ കഴിയില്ല". അമ്മപ്പൂച്ച പറഞ്ഞു കൊടുത്തു. കുട്ടിപ്പൂച്ച അത് കേട്ടു എങ്കിലും അമ്മ കാണാതെ പുലിയെപ്പോലെ മനുഷ്യരെ ഒന്നു പേടിപ്പിക്കാൻ പിറ്റേന്ന് തന്നെ ശ്രമിച്ചു. അവൻ പൂച്ചകളുടെ ശബ്ദമുണ്ടാക്കി. മ്യാവൂ.. മ്യാവൂ.. അവൻ മനുഷ്യരുടെ അടുത്തേക്ക് ചെന്നു. പക്ഷെ, അവനെ ആരും ശ്രദ്ധിച്ചില്ല. അപ്പോൾ അവൻ അവന്റെ കാല് കൊണ്ട് മാന്താനും ഉപദ്രവിക്കാനും തുടങ്ങി. ചിലർ അവനെ കാലുകൊണ്ട് തട്ടിമാറ്റി.മറ്റുചിലരെ ഉപദ്രവിക്കാൻ ശ്രമിച്ചപ്പോൾ അവർ കല്ലെടുത്തു അവനെ എറിഞ്ഞു.വേദന സഹിക്കാൻ വയ്യാതെ അവൻ കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തേക് ഓടിയെത്തി.അവർ എറിയുന്നത് അമ്മപ്പൂച്ച കണ്ടിരുന്നു.അമ്മപ്പൂച്ച അവനെ തലോടിക്കൊണ്ട് പറഞ്ഞു."ഇപ്പോൾ മനസ്സിലായില്ലേ നമുക്ക് നമ്മളാവാനെ പറ്റൂ.. ഒരിക്കലും പുലിയെപ്പോലെ പൂച്ചക്ക് ആവാൻ പറ്റില്ല" പിന്ന



ഫാത്തിമ.എസ്
9ബി

# സുഖവും ദുഃഖവും

നമ്മുടെ ജീവിതത്തിൽ സന്തോഷവും ദുഃഖവും ഉണ്ടാകുന്നില്ലേ. നമ്മുടെ മനസ്സിൽ സന്തോഷവും തോന്നും ദുഃഖവും തോന്നും. മനസ്സിൽ ദുഃഖം ആണെങ്കിൽ നമുക്ക് മുന്നിൽ നടക്കുന്ന സന്തോഷത്തെ ആഘോഷമാക്കാൻ കഴിയാതെ ദുഃഖത്തിൽ തന്നെ ഉണ്ടാകുന്നതുപോലെ തോന്നും എന്നാൽ നമ്മുടെ മനസ്സിൽ സന്തോഷമാണെങ്കിൽ എല്ലാം നമുക്ക് സന്തോഷമായി തോന്നും എപ്പോഴും നമുക്ക് ദുഃഖവും സന്തോഷവും ഉണ്ടാകില്ല ഒരിക്കൽ ദുഃഖം ആണെങ്കിൽ ഒരിക്കൽ സന്തോഷമായിരിക്കും നമ്മുടെ ജീവിതത്തിൽ വേണ്ട രണ്ടു കാര്യമാണ് ദുഃഖവും സന്തോഷവും അതില്ലെങ്കിൽ ജീവിതം എന്തെന്ന് അറിയില്ല ഒരു വല്ലാത്ത അസ്വസ്ഥത ഉണ്ടാകുന്നത് പോലെ ഉണ്ടാകും സന്തോഷമുണ്ടായാൽ ചിരിക്കാനും ദുഃഖം വന്നാൽ കരയാനും ആണ് ഞങ്ങൾ ജീവിക്കുന്നത് ഒരാൾക്ക് സന്തോഷം മാത്രം ഉണ്ടാകില്ല ദുഃഖം മാത്രവും ഉണ്ടാകില്ല അത് തിരിച്ചറിയാത്തവർ എനിക്ക് ദുഃഖം മാത്രമാണ് എനിക്ക് സന്തോഷം മാത്രമാണ് എന്നൊക്കെ പറയും പക്ഷേ എല്ലാവർക്കും ദുഃഖവും സന്തോഷവും എല്ലാം ഉണ്ടാകും സന്തോഷം ഒരു കുട്ടി ജനിക്കുമ്പോൾ അവർക്ക് സന്തോഷം ഉണ്ടാകും ഒരാൾ മരണപ്പെട്ടാൽ അവർക്ക് ദുഃഖവും ഉണ്ടാകും ഇതാണ് സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും ഏറ്റവും വലിയ ഉദാഹരണം



ഫാത്തിമ.എം.കെ
9എ

# മാലാഖ

പണ്ട് ഒരിടത്ത് ഒരു പാവപെട്ട അമ്മയും മക്കളുമുണ്ടായിരു ന്നു .കുട്ടികളുടെ അച്ഛൻ അവരുടെ ചെറുപ്പത്തിൽ തന്നെ മരിച്ചു പോയതു കൊ ണ്ടു ആ അമ്മ അടുത്തു തന്നെയുള്ള ഒരു പ്രഭുവിന്റെ വീട്ടിൽ അടുക്കള പണിയെടുത്താണ് മക്കളെ പോറ്റിയത് വൈകുന്നേരം വരെ കഷ്ടപ്പെട്ട് പണിയെടുത്താലും ബാക്കിയാവുന്ന ഇത്തിരി ഭക്ഷ ണം മാത്രമായിരുന്നു ആ അമ്മയ്ക്ക് കിട്ടിയിരുന്ന ദിവസ വേതനം . ംവൈകുന്നേരം കീറത്തുണിയിൽ പൊതിഞ്ഞു കൊണ്ടുവരുന്ന , ഇത്തിരി ചോറിനും . കഞ്ഞി വെള്ളത്തിനും വഴി കണ്ണുമായി കാത്തിരിക്കുന്ന മക്കളെ ഓർത്ത് ആ അമ്മ, പ്രഭുവിന്റെ വീട്ടിൽ അടിമപ്പണിയെടുത്തു അങ്ങനെ ഒരു ദിവസം ആ അമ്മക്ക് കടുത്ത ദീനം പിടിപ്പെട്ടു. പണിക്ക് പോകാൻ പറ്റാതെ അമ്മ വിഷമിച്ചു. വീണു ട്ടുന്ന കായ്കനികളും , പച്ച വെള്ളവും കുടിച്ച് അമ്മയും മക്കളും വിശപ്പടക്കി. അതും കിട്ടാതായപ്പോ മക്കളുടെ ഒട്ടിയ വയറുകൾ കണ്ട് സങ്കടത്തോടെ ദൈവത്തോട് പ്രാർത്ഥിച്ചു. "ദൈവമെ, ലോകത്തിലെ ഏറ്റവും വലിയ ദു:ഖം ദാരിദ്ര്യദു:ഖമല്ലെ , എന്റെ മക്കളുടെ വിശപ്പ് മാറ്റാൻ എന്തെങ്കിലും വഴി കാണിച്ചു തരണെ" . അങ്ങനെ പിറ്റെ ദിവസം ആ പ്രഭുവിന്റെ വീട്ടിൽ ഒരു വലിയ സദ്യ .
നാട്ടിലെ മുഴുവൻ ആൾക്കാരും പങ്കെടുക്കുന്ന ഗംഭീര സദ്യ .പലതരം കറികളുടെയും , കാച്ചിയ പപ്പടത്തിന്റെയും ഗന്ധം കാറ്റിൽ അലയടിക്കാൻ തുടങ്ങി. കുട്ടികൾ ആ അമ്മയെ നിർബന്ധിച്ചു. പ്രഭുവിന്റെ വീട്ടിൽ നിന്ന് എന്തെങ്കിലും ഭക്ഷണം കൊണ്ടു താ അമ്മെ വിശന്നിട്ടു വയ്യ. കുട്ടികളുടെ നിർബന്ധം സഹിക്കാൻ കഴിയാതെ ഭക്ഷണത്തിനു വേണ്ടിയാചിച്ച അമ്മയെ പ്രഭുവിന്റെ ഭാര്യയെ ആട്ടി പായിച്ചു. ആ അമ്മ നിരാശയായി കുഞ്ഞുങ്ങളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "സാരമില്ല മക്കളെ "രാത്രിയാവട്ടെ, എല്ലാരും ഉറങ്ങി കഴിയുമ്പോ . അവർ കഴിച്ച് ബാക്കി കളയുന്ന ഭക്ഷണം ഞാൻ എടുത്ത് കൊണ്ട് തരാം. മക്കൾ ക്ഷമിക്ക് അങ്ങനെ വിശപ്പിന്റെ വിളിയുമായി , ആരൊക്കെയോ കഴിച്ച് ബാക്കി വലിചെറിയുന്ന ഇത്തിരി ഭക്ഷണാവശിഷ്ടത്തിനായി കാത്തിരിക്കുന്ന ആ അമ്മയ്ക്കും , മക്കൾക്കും പ്രതീക്ഷയേകി ആകാശത്ത് പൂർണ്ണ ചന്ദ്രനുമായി രാത്രി വന്നെത്തി. എല്ലാവരും ഉറക്കം പിടിക്കുന്ന സമയം നോക്കി ആ അമ്മ ഒരു പഴകിയ പാത്രവുമായി പ്രഭുവിന്റെ വീട്ടിലെ കൂട്ടിയിട്ട എച്ചിൽ കൂന്ന യ് ക്കരികിലെത്തി. അവിടെ കണ്ട കാഴ്ച ആ അമ്മയെ നിരാശയാക്കി. എച്ചിൽ കൂനയിൽ കടി പിടികൂടുന്ന തെരുവു പട്ടികൾ. ഇതിൽ നിന്നെങ്ങനെ ഭക്ഷണമെടുത്തു എന്റെ മക്കളുടെ വിശപ്പടക്കും ? നിറഞ്ഞ കണ്ണുകൾ തുടച്ച് അമ്മ തിരിഞ്ഞു നടക്കാൻ തുടങ്ങിയപ്പോ വലിയ ഒരു കുഴിയിൽ നിറയെ വെള്ളം . അമ്മ സന്തോഷത്തോടെ അതിനരികിലെത്തി കൈയ്യിലിരുന്ന പാത്രത്തിലേക്ക് വെള്ളമെടുക്കാൻ കുനിഞ്ഞപ്പോ വെള്ളത്തിൽ തെളിഞ്ഞുനിൽക്കുന്ന പൂർണ്ണ ചന്ദ്രൻ തന്നെ തന്നെ നോക്കി നിൽക്കുന്നു. സാക്ഷാൽ ദൈവത്തിന്റെ പ്രതിരൂപം പോലെ . അത് ആ അമ്മയ്ക്ക് കുഴിയിൽ നിന്ന് വെള്ളമെടുക്കാനായില്ല, ഒട്ടിയ വയറുമായി വിശന്ന് കരയുന്ന മക്കളെ ഓർത്ത് പിടയുന്ന നെഞ്ചുമായി . നൊന്തു പെറ്റ മക്കളുടെ വിശപ്പ് മാറ്റാൻ കഴിയാത്ത തന്റെ ദുർവിധിയിൽ സ്വയം ശപിച്ചു കൊണ്ട് വീട്ടിലേക്ക് നടന്നു. മക്കളോട് ഇനി എന്ത് പറയും എന്നാലോചിച്ച് നടന്ന് വീടെത്തിയതറിഞ്ഞില്ല. ചാണകം മെഴുകിയ വീട്ടുമുറ്റത്തെത്തിയ അമ്മ അത്ഭുത സ്ബദ്ധയായി. എന്തൊരാശ്ചര്യം! തന്റെ വീട്ടുമുറ്റത്ത് കുട്ട നിറയെ ഭക്ഷണസാധനങ്ങൾ . പാകപ്പെടുത്തിയതും അല്ലാത്തതുമായി . ഒട്ടനേകം ഇതെന്ത് മറിമായം: അമ്മയുടെ ശബ്ദം കേട്ട് പുറത്തേക്ക് വന്ന കുട്ടികളും അത്ഭുതപ്പെട്ടു. ഇതെവിടുന്നാ അമ്മെ . ഇത്രയും ഭക്ഷണസാധനങ്ങൾ നമ്മുടെ വീട്ടുമുറ്റത്ത് .? ആ അമ്മ മക്കളെ കെട്ടിപിടിച്ചു. ദൈവം തന്നതാണ് മക്കളെ . എന്റെ മക്കളെ വിശപ്പടക്കാൻ ദൈവം തന്നതാ. അതെ ദാരിദ്യ് ദുഃഖം തന്നെയാ . ലോകത്ത് ഏറ്റവും വലിയ ദുഃഖം . ആകാശത്ത് അപ്പോഴും ആ അമ്പിളി മാമനും. കുഞ്ഞു . കുഞ്ഞു നക്ഷത്രങ്ങളുമുണ്ടായിരുന്നു. മാലാഖമാരെ പോലെ ആ അമ്മയ്ക്കും മക്കൾക്കും കൂട്ടായി , ആ ശ്രയമായി ആലംബമായി ......... (മാലാഖ)......



ഹരിനന്ദൻ
9സി

# മരണം

ആലപ്പുഴയിൽ ഇന്നലെ ഉണ്ടായ രാഷ്ട്രീയ സംഘട്ടനത്തിൽ ജീവൻ നഷ്ടപ്പെട്ട രക്തസാക്ഷിയോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി ഇന്ന് നടത്തുന്ന ഹർത്താലിനാൽ അപ്രതീക്ഷിതമായി കിട്ടിയ ഒരു ദിവസത്തെ അവധി, ഉറങ്ങി തീർക്കാൻ തീരുമാനിക്കുകയായിരുന്നു ഇങ്ങ് കാസർകോട്ടുള്ള ചന്ദ്രശേഖരൻ. രാവിലെ 9 മണി കഴിഞ്ഞിട്ടും മൂത്രശങ്ക കലശലായിട്ടും പുതപ്പിനുള്ളിൽ നിന്നും പുറത്ത് കടക്കാൻ ഒരു മടി.

" ചന്ദ്രേട്ടാ ഒന്ന് എഴുന്നേറ്റേ, എത്ര നാളായി നമ്മുടെ വാട്ടർ ടാങ്ക് ഒക്കെ ഒന്ന് കഴുകിയിട്ട്. ഇന്ന് അതൊന്ന് വൃത്തിയാക്കണം "

എല്ലാ കണക്ക് കൂട്ടലുകളെയും തെറ്റിച്ചു കൊണ്ട് ഗുണനത്തിലെ അന്തകയനായ പൂജ്യത്തെ പോലെ, അടുക്കളയിൽ നിന്നും ശ്രീമതിയുടെ ആജ്ഞ!..

നഗരത്തിലെ ഏറ്റവും പ്രശസ്തരായ അഭിഭാഷകന്മാരിൽ ഒരാളാണ് ചന്ദ്രശേഖരൻ. സമൂഹത്തിലെ ഒരുപാട് ഉന്നതരുമായി സൗഹൃദം കാത്തുസൂക്ഷിക്കുന്നയാൾ. സൗമ്യൻ, സുമുഖൻ, സംസാരപ്രിയൻ. ഭാര്യ യാമിനി, സർക്കാർ സർവീസിൽ കയറിയിട്ട് രണ്ടുവർഷം ആയതേയുള്ളൂ. പ്ലസ് വണ്ണിന് പഠിക്കുന്ന ഒരു മകളും ഒമ്പതാം ക്ലാസിലെ ഒരു മകനും. ഒരു സന്തുഷ്ട കുടുംബം.

രാവിലെ തന്നെ തനിക്കിട്ട് പണി തന്ന ശ്രീമതിയുടെ സമത്വബോധം ഒന്ന് അളക്കുന്നതിനായി ചോദിച്ചു

" സ്ത്രീക്കും പുരുഷനും ഏതു കാര്യത്തിലും തുല്യ അവകാശമാണ് എന്നല്ലേ നിങ്ങൾ ഫെമിനിസ്റ്റുകൾ പറയുന്നത്. അതുകൊണ്ട് നീയും വാ നമുക്ക് രണ്ടുപേർക്കും ഒന്നിച്ച് ക്ലീൻ ചെയ്യാം"

" ഓ പിന്നെന്താ, കുറച്ചു പാത്രങ്ങൾ കൂടി കഴുകാൻ ഉണ്ട്. അതിന് എന്നെ ഒന്ന് സഹായിക്കു. എന്നിട്ട് നമ്മൾക്ക് രണ്ടുപേർക്കും കൂടി ക്ലീൻ ചെയ്യാം"

പ്രതിഭാഗം വക്കീലിനെ വാക്കുകളുടെ പെരുമഴയിൽ മുക്കിക്കൊല്ലുന്ന താൻ ഇവിടെ മാത്രമാണ് പരാജയപ്പെടാറുള്ളത്. അനിഷ്ടം മുഖത്ത് കാണിക്കാതെ നീയാണ് വിജയി എന്ന് പ്രഖ്യാപിക്കും പോലെ അവളുടെ തോളിൽ തട്ടി സുഖിപ്പിച്ച് അയാൾ ടെറസിന് മുകളിൽ കയറി.

അസഹ്യമായ ചൂടും ജനങ്ങളുടെ ബാഹുല്യവും കൊണ്ട് വീർപ്പുമുട്ടുന്ന കാസർഗോഡ് നഗരത്തിലെഒരു സായാഹ്നം.

" ചൂടുള്ള വാർത്ത ചൂടുള്ള വാർത്ത, അഭിഭാഷകനും കുടുംബവും ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിൽ. ചൂടുള്ള വാർത്ത ചൂടുള്ള വാർത്ത "


ആവേശത്തോടെ വിളിച്ചു പറഞ്ഞു ദുരന്തവാർത്തയെ ആഘോഷമാക്കി കൂടുതൽ കോപ്പികൾ വിറ്റഴിക്കാനുള്ള ശ്രമത്തിലാണ് ആ സായാഹ്ന പത്ര വിതരണക്കാരൻ.ദുരന്തങ്ങളുടെ വ്യാപ്തിയെ പൊടിപ്പും തൊങ്ങലും വെച്ച് എഴുതിയും വരച്ചും പ്രദർശിപ്പിച്ചും വിപണനം ചെയ്യാനുള്ള പത്ര ദൃശ്യമാധ്യമങ്ങളുടെ മനശാസ്ത്രത്തിൽ ഒരു സാധാരണ മലയാളിയായ ഞാനുംവീണു!.

വാർത്തകളിലൂടെ കണ്ണോടിച്ച എനിക്ക് വിശ്വസിക്കാനായില്ല., ദൈവമേ ഇത് നമ്മുടെ ചന്ദ്രശേഖരൻ വക്കിൽ അല്ലേ? അവർക്ക് ഇതെന്തുപറ്റി?

എന്റെ വീട്ടിൽ നിന്നും അധികം ദൂരമില്ലാത്ത വക്കീലിന്റെ വീട്ടിലെത്തുമ്പോഴേക്കും, അവിടം ജനസമുദ്രമായിരുന്നു. മരണം എന്ന സത്യം വിറങ്ങലിച്ച് കിടക്കുമ്പോഴും അതിന് പിന്നിലെകാരണം അന്വേഷിക്കുകയാണ് പലരും.കഥകൾ ഉപകഥകൾ ആയി കാതുകളിൽ നിന്ന് കാതുകളിലേക്ക് ഒഴുകി. ചുടുചോരയുടെ ഉറവിടം തേടി പായുന്ന വേട്ടപ്പട്ടികളുടെ ശൗര്യം, എക്സ്ക്ലൂസീവിനായി മത്സരിക്കുന്ന ഓരോ ടി വി ചാനലുകാരിലും കാണാം. യജമാനന്റെയും കുടുംബത്തിന്റെയും വിയോഗം അറിയാതെ ജർമ്മൻ ഷെപ്പേർഡ് കൂട്ടിൽ നിന്നും മുരളുന്നു....

ആത്മഹത്യാ കാരണം അറിയാൻ എസ് ഐ ഡൊമിനിക് സാറും സഹപ്രവർത്തകരും ഓരോ മുറിയും സസൂക്ഷ്മം പരിശോധിക്കുകയാണ്. ഇന്നലെ രാത്രി എപ്പോഴോ ഓൺ ചെയ്തു വെച്ചിരുന്ന ടി വി, സ്വീകരണമുറിയിൽ അപ്പോഴും പ്രവർത്തിച്ചുകൊണ്ടിരുന്നു.

ഇന്ത്യൻ സിനിമയിലെ സൂപ്പർസ്റ്റാർ അഭിനയിച്ച ഒരു പരസ്യത്തിന്റെ വിഷ്വൽസ് ടിവിയിലൂടെ തെളിഞ്ഞു കാണാം. ഓൺലൈൻ റമ്മി കളിയിലൂടെ കോടികൾ ഉണ്ടാക്കിയവന്റെ അനുഭവം വിവരിക്കുകയാണ് ആ സൂപ്പർസ്റ്റാർ... സ്വീകരണ മുറിയിലെ വാതിലിനോട് ചേർന്നുള്ള ഭിത്തിയിൽ, തന്റെ അടുത്ത ഇരയെ പിടിക്കാനുള്ള വല നെയ്യുകയായിരുന്നു, ചിലന്തി അപ്പോൾ......



തബ്ഷീറ
10സി

# മഴ

മനസിലെ വേദനകൾക്ക് അറുതി ഇല്ല...
അതോടൊപ്പം കണ്ണീർ ചാലുകൾ തീർക്കുമ്പോൾ....
ഉള്ളിലെ കാർമേഘം ഒഴിയുന്നില്ലല്ലോ....

പുറത്ത് പെയ്യുന്ന മഴ അറിയുന്നില്ലല്ലോ...
ഈ ഉള്ളിൽ നടക്കുന്ന പേമാരി...
നീ തോറ്റു പോയി മഴയെ..
എന്റെയുള്ളിലെ പേമാരിയെ തോൽപിക്കാൻ നിന്നെ കൊണ്ട് സാധിക്കുന്നില്ലല്



fazna.m.k
9b

# അനുഭൂതി

വെണ്ണിലവേ
ഓ.... വെണ്ണിലവേ....
നീ പതിയെ നെറുകിൽ...
തഴുകി ഉണർത്തവെ...
നീ അകലേ...
ഓ.. താരകമേ...
ഈ കാറ്റിൽ മാഞ്ഞു മറഞ്ഞ തേൻ കിളി....
കുഞ്ഞിളം കൂട്ടിൽ ഓ....
നീ ഒരായിരം കുഞ്ഞു
കിളികൾ ചേർന്നിരുന്നാൽ...
എൻ നിഴലായ് നീ പോകെ
ഓ... നീ കൺപീലിയായ്...
നീ പൊഴിയവേ...
ഓ... ഓ.... ഓ...
ഓ... ഓ... ഓ



ഹാഡിയ ഹന
9സി

# ഓർമകളിലെ ചിന്തകൾ

ഘടികാര സൂചികൾ
പോലെന്റെ ചുറ്റിലും
ഓടി നടക്കുന്നു ബാല്യകാലം....

അമ്മതൻ കാൽകളിൽ
വാത്സല്യ നിധിയായ്
പിച്ചവച്ചതുമിങ്ങു
ഓർക്കുന്നു ഞാൻ...

അംഗണതിണ്ണയിൽ പോയി ഞാൻ വീഴുമ്പോൾ
എന്നമ്മയുടെ സങ്കടം ഓർക്ക വയ്യ....
നേരിനെ അറിയുവാൻ സാധിക്കാതെ
എത്തുന്നു എന്നുള്ളിൽ കൗമാരഘട്ടം..

അമ്മതൻ വാക്കുകൾ കേട്ടിടാതെ
പുച്ഛിച്ചു പോകുന്ന യൗവനങ്ങൾ....

ഇന്നു ഞാൻ ഓർക്കുന്നു
എൻ ജീവിത പാത...
വർദ്ധക്യമുതകുന്ന കാരുണ്യ പാത....



അനാമിക.കെ
10.സി